**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5067** **20-03-2025 - ൽ മറുപടിയ്ക്ക്**

**ഭൂമിയുടെ തരംമാറ്റ അപേക്ഷയിൽ തീർപ്പ് കൽപ്പിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരം, ജോസഫ് പുതുക്കാട്ടുകാരൻ, പൈപ്പ് ലൈൻ റോഡ്, പാലാരിവട്ടം, കൊച്ചി ടിയാന്റെ വീടിരിക്കുന്ന എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിലെ ഇടപ്പള്ളി വില്ലേജിലെ സർവ്വേ നമ്പർ 129/15A-8 ൽപ്പെട്ട ഭൂമിയുടെ തരം മാറ്റത്തിനായി സമർപ്പിച്ച അപേക്ഷ (നം.1/2025/2340955)യിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഭൂമി തരംമാറ്റത്തിനായി ശ്രീ. അജു തോമസ്, പുതുക്കാട്ടുകാരൻ എന്നയാൾ സമർപ്പിച്ച 1/2025/2340955 നമ്പരിലുള്ള ഫോറം 5 അപേക്ഷ 17.01.2025 തീയതിയിൽ എറണാകുളം ജില്ലാകളക്ടറേറ്റിൽ ലഭിച്ചിട്ടുണ്ട്. ആയത് പ്രാഥമിക അന്വേഷണ റിപ്പോർട്ടിനായി ഇടപ്പള്ളി സൗത്ത് വില്ലേജ് ഓഫീസിലേക്കും, കൊച്ചി കോർപ്പറേഷൻ കൃഷി ഭവനിലേക്കും അയച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത അപേക്ഷ നിലവിൽ ആരുടെ കൈവശമാണെന്നും എത്രയും വേഗം അപേക്ഷയിന്മേൽ തീർപ്പ് കൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത അപേക്ഷ പ്രാഥമിക അന്വേഷണ റിപ്പോർട്ടിനായി നിലവിൽ ഇടപ്പള്ളി സൗത്ത് വില്ലേജ് ഓഫീസിലും, കൊച്ചി കോർപ്പറേഷൻ കൃഷി ഭവനിലുമാണുള്ളത്. ടി കാര്യാലയങ്ങളിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി ക്രമപ്രകാരം അപേക്ഷയിന്മേൽ എറണാകുളം കളക്ടറേറ്റിലെ ഡെപ്യൂട്ടി കളക്ടർ (ആർ ആർ) തുടർനടപടി സ്വീകരിക്കുന്നതാണ്. |
| (സി) | കണയന്നൂർ താലൂക്കിൽ 2024-25 സാമ്പത്തിക വർഷം എത്ര ഭൂമി തരംമാറ്റ അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്ര എണ്ണം തീർപ്പ് കൽപിച്ചുവെന്നും വിശദമാക്കാമോ; തീർപ്പ് കൽപ്പിക്കുവാനുള്ള അപേക്ഷകളിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കാമോ? | (സി) | കണയന്നൂർ താലൂക്കിൽ 2024-2025 സാമ്പത്തിക വർഷം ഇതുവരെ 8576 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷകളിൽ മുൻഗണന പ്രകാരവും, കോടതി ഉത്തരവിന്മേലും 303 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.<br><br>തീർപ്പാക്കാൻ ബാക്കിയുള്ള അപേക്ഷകളിന്മേൽ റിപ്പോർട്ടും, അനുബന്ധ രേഖകളും അടിയന്തിരമായി ലഭ്യമാക്കി എറണാകുളം കളക്ടറേറ്റിലെ ഡെപ്യൂട്ടി കളക്ടർ (ആർ ആർ) ക്രമപ്രകാരം തീർപ്പാക്കുന്നതാണ്. ആയതിലേയ്ക്ക് വാഹന സൗകര്യവും, അധിക ജീവനക്കാരെയും ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ